പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6522 — 11.07.2012-ൽ മറുപടിക്ക്.

## പോലീസ്സേനയുടെ വാഹനസൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. അച്ചുതൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനയുടെ വാഹന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | : (എ) | പോലീസ് സേനയുടെ വാഹനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീമിൽ ഉൾപ്പെടുത്തി വിവിധതരം ഓപ്പറേഷണൽ വെഹിക്കിളുകൾ വാങ്ങിവരുന്നു. സ്റ്റേഷൻ ഡ്യൂട്ടിയ്ക്ക് ആവശ്യമായ ലൈറ്റ് വെഹിക്കിളുകൾ, ബറ്റാലിയൻ ഡ്യൂട്ടിയ്ക്ക് ആവശ്യമായ ഹെവി വെഹിക്കിളുകൾ, കമാൻഡോ വിംഗിന് ആവശ്യമായ വെഹിക്കിളുകൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വെഹിക്കിളുകൾ എന്നിവ ഈ സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിവരുന്നു. കൂടാതെ പ്ലാൻ പദ്ധതിയിൽ കമ്മ്യൂണിറ്റി പോലീസ് സ്കീമിൽപ്പെടുത്തി ജനമൈത്രി പോലീസ് സ്റ്റേഷനുകൾക്ക് മോട്ടോർ സൈക്കിളുകളും സ്കൂട്ടറുകളും വാങ്ങി നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി സർക്കാർ എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പ്രസ്തുത ധനസഹായങ്ങൾ നിലനിർത്താൻ എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ? | : (ബി) & (സി) | ഈ സാമ്പത്തിക വർഷം 12.25 കോടി രൂപയ്ക്ക് വിവിധ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ മോഡേണൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 18.06.2012-ന് ന്യൂഡൽഹിയിൽ നടന്ന ഹൈപവർ കമ്മിറ്റി മീറ്റിംഗിൽ കേന്ദ്ര ധനമന്ത്രാലയത്തിന്റെ 31.05.2012-ലെ ചെലവ് ചുരുക്കൽ റിപ്പോർട്ട് അടിസ്ഥാനമാക്കി ഈ സാമ്പത്തിക വർഷം വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ലഭിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ